# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 972** — **28.04.2017 ൽ മറുപടിയ്ക്ക്**

## ആർക്കിടെക്ചർ കോഴ്സ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. എം. ആരിഫ്** | | **പ്രൊ.സി.രവീന്ദ്രനാഥ് (ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| **(എ)** | സംസ്ഥാനത്ത് ആർക്കിടെക്ചർ കോഴ്സിന് ആകെ എത്ര സീറ്റാണ് നിലവിലുള്ളത്; ആകെ എത്ര വിദ്യാർത്ഥികളാണ് ഇതിൽ ചേർന്ന് പഠിക്കുന്നത്; കേരളത്തിന്റെ സവിശേഷമായ വാസ്തുശില്പ മാതൃകകളും ചരിത്രവും പഠിപ്പിക്കുവാൻ ഇവ സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ആർക്കിടെക്ചർ കോഴ്സിന് സർക്കാർ/എയ്ഡഡ് കോളേജുകളിൽ 200 ഉം സ്വകാര്യ സ്വാശ്രയ കോളേജുകളിൽ 1240 സീറ്റുകളും നിലവിലുണ്ട്. ആകെ 862 വിദ്യാർത്ഥികൾ 2016-17 അധ്യയന വർഷം പഠിക്കുന്നുണ്ട്. കേരളത്തിന്റെ സവിശേഷമായ വാസ്തുശില്പ മാതൃകകളും ചരിത്രവും സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| **(ബി)** | 2008-ൽ ആന്ധ്രാപ്രദേശിൽ ജവഹർലാൽ നെഹ്റു ആർക്കിടെക്ചർ & ഫൈൻ ആർട്സ് യൂണിവേഴ്സിറ്റി (JNAFAU) രൂപീകരിച്ച പ്രവർത്തിച്ചു വരുന്ന മാതൃകയിൽ യൂണിവേഴ്സിറ്റി ഫോർ സസ്റ്റെയിനബിൾ ആർക്കിടെക്ചർ & ആർട്സ്, കേരള, എന്ന പേരിൽ ഒരു സർവ്വകലാശാല സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; | (ബി) & (സി) | ഇപ്പോൾ പരിഗണനയിൽ ഇല്ല |
| (സി) | സംസ്ഥാനത്തെ 38 സ്ഥാപനങ്ങളിൽ ഈ കോഴ്സ് നടത്തുന്നത് പരിഗണിച്ച് ഇത് സാങ്കേതിക സർവ്വകലാശാലയിൽ നിന്നും മാറ്റി ആർക്കിടെക്ചർ & ഫൈൻ ആർട്സ് യൂണിവേഴ്സിറ്റിക്ക് കീഴിൽ പ്രവർത്തിപ്പിച്ചാൽ വരും തലമുറയ്ക്ക് കേരളത്തിന്റെയും ഭാരതത്തിന്റെയും വാസ്തുശില്പ സവിശേഷത സംരക്ഷിക്കുവാൻ സഹായകരമാകുമോയെന്ന് ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**